# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.942** **30.11.2018 ലെ മറുപടി**

## കുട്ടനാട്ടിൽ ഈ വർഷം ഉണ്ടായ വെള്ളപ്പൊക്കം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | | കെ.കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കുട്ടനാട്ടിൽ ഈ വർഷം ഉണ്ടായ വെള്ളപ്പൊക്കം നിയന്ത്രിക്കുന്ന കാര്യത്തിൽ സർക്കാരിന് ഗുരുതരമായ വീഴ്ച സംഭവിച്ചുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) | തണ്ണീർമുക്കം ബണ്ട് കൃത്യസമയത്ത് തുറക്കാതിരുന്നതാണ് കുട്ടനാടിനെ പ്രളയത്തിൽ മുക്കുന്നതിനുള്ള പ്രധാന കാരണം എന്ന ആക്ഷേപം ശരിയാണോ; | (ബി) | ശരിയല്ല. തണ്ണീർമുക്കം ബണ്ടിന്റെ ഷട്ടറുകൾ പ്രളയത്തിന് മുമ്പ് തന്നെ തുറന്നിട്ടുള്ളതാണ്. |
| (സി) | എങ്കിൽ പ്രസ്തുത ബണ്ട് വെള്ളപ്പൊക്കം രൂക്ഷമാകുന്നതിന് മുമ്പ് തുറക്കാതിരുന്നത് ഏത് സാഹചര്യത്തിലാണ്; വ്യക്തമാക്കാമോ; | (സി) | ഷട്ടറുകൾ പ്രളയത്തിന് മുമ്പ് തന്നെ തുറന്നിട്ടുള്ളതാണ്. തണ്ണീർമുക്കം ബാരേജിന്റെ ഒന്നും രണ്ടും ഘട്ടങ്ങളിലെ 62 ഷട്ടറുകളും 16.04.2018 തീയതിയിൽ തന്നെ തുറന്നിരുന്നു. ആയതിനാൽ വെള്ളം ഒഴുകുന്നതിന് തടസ്സമില്ലായിരുന്നു. കൂടാതെ വെള്ളപ്പൊക്കം ആരംഭിച്ചതോടെ 2018 ജൂലൈ 26-)o തീയതി പ്രവർത്തന സജ്ജമായ പുതിയ മൂന്നാംഘട്ടത്തിന്റെ 28 ഷട്ടറുകളും ഒരു ലോക്കും ഒന്നും രണ്ടും ഘട്ടങ്ങളിലായുള്ള മൂന്ന് ലോക്കുകളും കൂടി തുറന്നിരുന്നു. മാത്രമല്ല ഓഗസ്റ്റ് മാസം ഒന്നാം തീയതി മുതൽ നിലവിലുള്ള മൺചിറകൾ പൊളിച്ചുതുടങ്ങുകയും ചെയ്തിരുന്നു. ആയതിനാൽ വെള്ളപ്പൊക്കം മൂലമുണ്ടായ അധിക വെള്ളം ഒഴുകുന്നതിന് തടസ്സങ്ങളൊന്നും ഉണ്ടായിരുന്നില്ല. |

| | | |
|---|---|---|
| (ഡി) | ഇക്കാര്യത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും എന്തെങ്കിലും അലംഭാവം ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ; | (ഡി)യും (ഇ)യും: മേൽ പറഞ്ഞ സാഹചര്യത്തിൽ നിന്നും ഉദ്യോഗസ്ഥരുടെ ഭാഗത്ത് യാതൊരു അലംഭാവവും ഉണ്ടായിട്ടില്ല എന്ന് വ്യക്തമാക്കുന്നു. |
| (ഇ) | ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ? | |

**സെക്ഷൻ ഓഫീസർ**